മ ത്താ . 1 3 : 1 – 9 , 1 8 – 2 4

**023 സെപ്തംബർ 10**

# വചനഭാഷ്യം

**ഡോ. ജോസ് ഓലിയപ്പുറത്ത്**

വിത്തുകളും വിളഭൂമികളും

മത്തായി സുവിശേഷകൻ മറ്റു സുവിശേഷ ഗ്രന്ഥകാരന്മാർ പരാമർശിക്കുന്ന സാഹചര്യങ്ങളിൽനിന്നും വ്യത്യസ്തമായൊരു സാഹചര്യത്തെ മുന്നിൽ കണ്ടുകൊണ്ടാണ് വിതക്കാരന്റെ ഉപമ എഴുതുന്നത്. ഈ ഉപമയുടെ ആദിമസഭാവ്യാഖ്യാനവും സമാന്തര സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നുണ്ട് (മർക്കോ. 4: 1–9; ലൂക്കാ 8:4–8). ഇവിടെ മത്തായിയുടെ സുവിശേഷമനുസരിച്ച് യേശു കടൽ തീരത്തിരുന്നാണ് ജനക്കൂട്ടത്തോടു സംസാരിക്കുന്നത്. ഇത് കഫർണാം ആകാനാണു സാദ്ധ്യത. ഗലീലിയുടെ തീരത്തിരുന്ന് ഒരു ഗുരുവിനെപ്പോലെ ഉപമകളിലൂടെ അവൻ പഠിപ്പിച്ചു (മത്താ. 13:3). മത്തായിയുടെ വിവരണമനുസരിച്ച് ഈ ഉപമാശൃംഘലയിൽ ആദ്യം യേശു പറയുന്നത് വിതക്കാരന്റെ ഉപമയാണ്. യേശു തന്നെ പറയുന്ന ഇതിന്റെ ഒരു വിശദീകരണം മത്തായി 13:18–23 വാക്യങ്ങളിൽ കാണാം. ഉപമയുടെ അവസാനം കേൾക്കാൻ ചെവിയുള്ളവൻ കേൾക്ക ട്ടെയെന്നുള്ള വാക്കുകൾ, അവൻ പറഞ്ഞ കാര്യങ്ങൾ പ്രാധാന്യമുള്ളവയാണെന്നും ശ്രദ്ധയോടെ താല്പര്യത്തോടെ ശ്രവിക്കാൻ ആഗ്രഹിക്കുന്നവനു മാത്രമെ മനസ്സിലാക്കാൻ കഴിയൂ എന്നും കുറെയേറെപ്പേർക്ക് അതിനു സാധിക്കില്ലായെന്നും സൂചിപ്പിക്കുന്നുണ്ട്.

വിതക്കാരന്റെ ഉപമയുടെ വിശുദ്ധഗ്രന്ഥത്തിനു പുറമേയുള്ള ഉത്ഭവത്തെക്കുറിച്ചോ ഇതര സ്വാധീനങ്ങളെക്കുറിച്ചോ ഇവിടെ വിവരിക്കുന്നത് പ്രസക്തമാണെന്നു തോന്നുന്നില്ല. നിരവധി വിചിന്തനങ്ങൾക്കും പഠനങ്ങൾക്കും വിധേയമായതാണ് ഈ ഉപമ. വിതക്കാരൻ വിതയ്ക്കുന്നത് ഒരേതരം വിത്തുകളാണ്. വിത്തുകൾ വീഴുന്ന പ്രതലങ്ങൾ വ്യത്യസ്തങ്ങളും. ഇവിടെ നാലുതരം പ്രതലങ്ങളെക്കുറിച്ചു പറയുന്നു. ഈ നാലുതരം പ്രതലങ്ങളിൽ വീഴുന്ന വിത്തുകളും നാലുതരം അവസ്ഥാന്തരങ്ങൾക്കു വിധേയമാകുന്നു. ഈ അവസ്ഥാന്തരങ്ങളും അവയുടെ സ്വാധീനങ്ങളുമാണ് ഇവിടുത്തെ പ്രതിപാദനവിഷയം.

മത്തായി 13:1–9 ൽ ഉപമ പറയുന്നതേയുള്ളൂ. അതിന്റെ വ്യാഖ്യാനമൊന്നും പറയുന്നില്ല. അതിനാൽ കേൾവിക്കാരനാണ് ഇതിലെ സമസ്യാപൂരണം നടത്തേണ്ടത്. അത് വ്യക്തികളെയും സാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കുന്നു. വിത്തുകളിൽ ചിലത് വഴിയരുകിൽ വീഴുന്നു. മുളയ്ക്കുന്നതിനുപോലും അവസരം കിട്ടാതെ അതില്ലാതെയാകുന്നു. ഇത് ഒരുപക്ഷേ ദൈവരാജ്യത്തെക്കുറിച്ചുള്ള സന്ദേശമാകാം, ഒരുപക്ഷേ വിശ്വാസത്തെക്കുറിച്ചുള്ള പ്രബോധനങ്ങളാകാം. അതുമല്ലെങ്കിൽ യേശുക്രിസ്തുവിനെക്കുറിച്ചുള്ള സദ്വാർത്തയാകാം. വഴിയരികിൽ വീണ വിത്തുപോലെ അത് വളരെവേഗം അപ്രത്യക്ഷമാകുന്നു.

ചില വിത്തുകൾ വീണത് മണ്ണ് അധികമില്ലാത്ത പാറയായ സ്ഥലത്തായതിനാൽ വളരെവേഗം മുളച്ചു. കാരണം വേരോടുവാൻ ആഴത്തിലേക്കു പോകേണ്ടി വരുന്നില്ല. പരപ്പാർന്ന മണ്ണിലേക്ക് വേഗം വേരു പടരും. ആഴത്തിലേക്കു പോകുന്നതിനുള്ള സാദ്ധ്യത വളരെ കുറവായതിനാൽ പെട്ടെന്ന് മുളച്ചു പൊന്തും. എന്നാൽ പാറയായതിനാൽ മണ്ണൊരുക്കം നടത്താനുള്ള ബുദ്ധിമുട്ടുണ്ട്. മാത്രമല്ല, ഒരുപക്ഷേ മണ്ണൊരുക്കം നടത്തിയപ്പോൾ പുറമെ പാറക്കല്ലുകൾ നിറഞ്ഞപ്രതലം ശ്രദ്ധിക്കാതെ പോയതുമാകാം. ഇതൊരു ഉപമയായതിനാൽ ഒരുപക്ഷേ ഇത് മനുഷ്യസാഹചര്യങ്ങളുമായി ബന്ധിപ്പിക്കുമ്പോൾ യേശുവിന്റെ പുതിയ സംരംഭത്തിലേക്ക്, ദൈവരാജ്യചിന്തയിലേക്ക് താല്പര്യം ജനിച്ചെങ്കിലും അതിനുള്ള ഒരുക്കങ്ങൾ നടത്തി അതിനു വളരാനുള്ള വഴികളൊരുക്കാത്തവരെയായിരിക്കാം ഉദ്ദേശിച്ചത്. ആയതിനാൽ പ്രതികൂല സാഹചര്യങ്ങളെ തരണം ചെയ്യാനുള്ള കരുതലുകളോ ആർജ്ജവത്തമോ ഇല്ലാതെ വാടിക്കരിഞ്ഞുപോകാം. വേരില്ലാതിരുന്നതിനാൽ കരിഞ്ഞുപോയി എന്നാണല്ലോ പറയുന്നത്. യൂദാസിനു സംഭവിച്ചതുപോലെ, ആദിമസഭയുടെ കാലത്ത് ഒട്ടനവധിപേർക്കു സംഭവിച്ചതുപോലെ... ഇന്നും പലരിലും സംഭവിക്കുന്നതുപോലെ...

മുൾച്ചെടികൾക്കിടയിൽ വീണവിത്തുകളാണ് മൂന്നാമത്തെ തരം. പലസ്തീനയിലെ കൃഷിസാഹചര്യങ്ങൾ അതുപോലെ വർണ്ണിക്കുന്നതായി തോ ന്നുന്ന സന്ദർഭം. വയൽവരമ്പുകളിൽ മുൾച്ചെടികൾ ധാരാളമായി കാണാം. വിതക്കാരൻ വിത്തെറിയുമ്പോൾ മുൾപ്പടർപ്പിലും വിത്തുകൾ വീഴാറുണ്ട്. ഇതറിയാവുന്ന കർഷകരുൾപ്പെട്ട കൂട്ടത്തോടാണ് യേശു സംസാരിക്കുന്നത്. അതിനാൽ അവർക്ക് ഇതുവേഗം മനസ്സിലാകും. യേശുവിന്റെ ദൈവരാജ്യസന്ദേശത്തിന് സംഭവിക്കാവുന്നതോ സംഭവിച്ചുകൊണ്ടിരിക്കുന്നതോ ആയ കാര്യമായിരിക്കാം ഉപമാരൂപത്തിൽ ഇവിടെ ഗ്രന്ഥകർത്താവ് സൂചിപ്പിക്കുന്നത്. ദൈവരാ

ജ്യചിന്തകൾ – യേശുപ്രബോധനങ്ങൾ – ജീവിതത്തിൽ ഫലം പുറപ്പെടുവിക്കണമെങ്കിൽ വിവിധതരം വ്യഗ്രതകളാൽ അലട്ടപ്പെടാതെ, അവയാൽ ഞെരുക്കപ്പെടാതെ കഴിയാൻ സാധിക്കണം. മുൾച്ചെടികൾ ചുറ്റും വളർന്ന് നല്ല ചെടികളെ വളരാൻ അനുവദിക്കാത്തതുപോലെ നമ്മിലെ താല്പര്യങ്ങളും വ്യഗ്രതകളും ദൈവരാജ്യചിന്തകളെ, യേശു പ്രദാനം ചെയ്യുന്ന നന്മകളുടെ ചിന്തകളെ ഇല്ലാതാക്കിയേക്കാം. അതിനാൽ മുൾച്ചെടികൾ ദൈവരാജ്യ ചിന്തകളാകുന്ന നല്ല വിത്തുകൾക്കൊപ്പം വളരാൻ അനുവദിക്കരുത്.

ഏറ്റവും ഒടുവിൽ നല്ലനിലത്തുവീണ മുപ്പതും അറുപതും നൂറും മേനി വിളവുനല്കുന്ന വിത്തുകളെക്കുറിച്ചാണു പറയുന്നത്. മണ്ണിന്റെ മേന്മയനുസരിച്ചും ആവശ്യമായ പരിഗണനയും പരിശ്രമവുമനുസരിച്ചും അവ വളരുന്നു, ഫലം പുറപ്പെടുവിക്കുന്നു. ദൈവരാജ്യ ചിന്തകളും മറ്റുള്ളവർക്ക് ഉപകാരപ്പെടുന്ന വിധം വിനിയോഗിക്കപ്പെടുമ്പോൾ അത് ഫലദായകമായിത്തീരുന്നു. അതു സാഹചര്യത്തിനും ബുദ്ധിയുടെ പ്രത്യേകതയ്ക്കും അനുസരണമായി ഫലം നല്കുന്നു.

ഈ ഉപമ അതിന്റെ പ്രാഥമികാർത്ഥത്തിൽ എന്തിനെയാണു സൂചിപ്പിക്കുന്നതെന്നു വിവരണത്തിൽനിന്നും വ്യക്തമല്ല. സ്വർഗരാജ്യത്തെക്കുറിച്ചാണ് മറ്റുള്ള ഉപമകൾ സംസാരിക്കുന്നതെന്ന് വ്യക്തമാക്കുന്നുണ്ട് (13:11; 24–25; 31–32; 44; 47). എന്നാൽ വിതക്കാരന്റെ ഉപമയുടെ വിശദീകരണംപോലെ 13:18–23 വാക്യങ്ങൾ വിവരണം നല്കുന്നുണ്ട്. ഇതൊരുപക്ഷേ ആദിമ സഭാസമൂഹം ഈ ഉപമയ്ക്കു നല്കിയ വ്യാഖ്യാനമോ നിരൂപണമോ ആയിരിക്കാമെന്നാണ് പൊതുവേ അഭിപ്രായം. കളകളുടെ ഉപമയുടെ വിശദീകരണവും ഏതാണ്ടിതുപോലെ കാണാവുന്നതാണ് (13:36–43). ഇതും ആത്മീയവും സാമൂഹ്യപരവുമായ ചിന്തകളുടെ അടിസ്ഥാനത്തിൽ സഭാസമൂഹം നല്കിയ വ്യാഖ്യാനമാകാനും മതി.

ഏതായാലും ഇവിടെ 13:1–9 പറയുന്ന ഉപമ, അതിന്റെ പ്രാഥമിക രൂപത്തിൽ സ്വർഗരാജ്യം അഥവാ ദൈവരാജ്യം ആയിരിക്കണം പ്രഥമ വിഷയമായിക്കണ്ടത്. അതിനാൽ ദൈവരാജ്യത്തിന്റെ, യേശുകൊണ്ടുവന്ന സദ്വാർത്തയുടെ, സ്വീകരണവും അറിഞ്ഞോ അറിയാതെയോ ഉണ്ടാകുന്ന തിരസ്ക്കരണവുമായിരിക്കാം പ്രഥമത ഇത്. രണ്ടാമതായി ഇത് ദൈവരാജ്യാനുഭവത്തെ മനസ്സുകൊണ്ടും ജീവിതശൈലികൊണ്ടും ഉൾക്കൊള്ളാൻ കഴിയുന്ന വ്യക്തികൾ ചുരുക്കമാണെന്നും സ്വീകരിക്കുന്നവർതന്നെ പലവിധ പരിമിതികൾ ഉള്ളവരാണെന്നും പ്രത്യേകം പറയുന്നു.

ഇന്നത്തെ വായനയിലെ രണ്ടാം ഭാഗം (മത്തായി 13:18–23) പ്രതലങ്ങളും വിത്തിന്റെ നിലപാടുകളും വ്യക്തമാക്കുന്നു. മത്തായി 13:1–9 ൽ പറഞ്ഞ വിതക്കാരന്റെ ഉപമയുടെ പരമ്പരാഗതമായ പ്രഥമ വ്യാഖ്യാനമാണ് ഈ വിവരണ ഭാഗം. ഇത് ഉപമയുടെ യേശു പറഞ്ഞ വ്യാഖ്യാനമായിട്ടാണ് കാണപ്പെടുന്നതെങ്കിലും ആദിമസഭയുടെ കാലാനുസൃത വ്യാഖ്യാനമായും കണക്കാക്കാറുണ്ട്. പ്രഥമ വ്യാഖ്യാനം ഒരുപക്ഷേ ദൈവരാജ്യമോ സുവിശേഷ സന്ദേശമോ അടിസ്ഥാനപ്പെടുത്തി ആകാനാണു സാദ്ധ്യത. ഇവിടെ രാജ്യത്തിന്റെ വചനം വിത്തായി സങ്കല്പിക്കുന്നു. എന്നാൽ വിതക്കാരൻ ആരെന്നു വ്യക്തമാക്കുന്നില്ല. ഒരുപക്ഷേ അത് വായനക്കാരന് അറിയാമെന്ന് മുൻകൂട്ടി കാണുകയാണോ അതോ വായനക്കാരന്റെ സങ്കല്പത്തിന് വിട്ടുകൊടുക്കുകയുമാവാം. സാഹചര്യാനുസൃതമായി ചിന്തിച്ചാൽ രാജ്യത്തിന്റെ വചനം വിതച്ചത് യേശുവോ അവിടുത്തെ ശിഷ്യരോ ആകാനാണ് സാദ്ധ്യത. രാജ്യത്തിന്റെ വചനം കേട്ടിട്ട് മനസ്സിലാക്കാൻ സാധിക്കാത്തവന്റെ ഹൃദയത്തിൽനിന്ന് അത് ദുഷ്ടൻ അപഹരിക്കുന്നുവെന്നാണ് പറയുന്നത്. ഹൃദയത്തിലാണ് വിതച്ചത്. ഹൃദയം അതു സ്വാംശീകരിച്ചില്ല... അത് ഉള്ളിലാക്കിയില്ല. അതിനാൽ തിന്മയുടെ സ്വാധീനങ്ങൾ അതിനെ നിശ്ശേഷം ഇല്ലാതാക്കി. സൂക്ഷമില്ലാത്തവന്റെ മുതൽ മോഷണം പോകുന്നതുപോലെ അതു മോഷണംപോയി... പോകുന്നു... എന്നാണു പറയുന്നത്. ഇന്ന് ഇക്കാര്യം അന്നത്തേതുപോലെയോ അതിനേക്കാൾ അല്പംകൂടി രൂക്ഷമായോ നിലനില്ക്കുന്നതായിക്കാണാം. ഹൃദയത്തിൽ വചനത്തിന് സ്ഥാനമില്ലാത്തവൻ വചനത്തെ... നല്ല സ്വാധീനങ്ങളെ... തിന്മപ്രവൃത്തികൾകൊണ്ട് നിഷ്ക്കാസനം ചെയ്യുന്നു. അവനിൽനിന്നും നന്മയുടെ നാമ്പുകൾ പുറപ്പെടുകയില്ല.

രണ്ടാമതായി വചനത്തെ പ്രതി ക്ലേശവും പീഡനങ്ങളും ഉണ്ടാകുമ്പോൾ വീണുപോകുന്നവരിലേക്കാണ് ഗ്രന്ഥകാരൻ സൂചന നല്കുന്നത്. ദൈവവചനത്തിലേക്ക് അവർ സന്തോഷത്തോടെ ആകർഷിക്കപ്പെടുന്നു. പുതുമകളെത്തേടിയുള്ള മനുഷ്യമനസ്സിന്റെ യാത്രയോ താല്പര്യമോ ആണ് ഇവിടെ സൂചന. സന്തോഷത്തോടെ സ്വീകരിക്കുന്നു എന്ന പദം അതാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഉടനെ തന്നെ മറ്റൊരു യാഥാർത്ഥ്യം കൂടി കാണാം. തന്നിൽ വേരില്ലാത്തതിനാൽ... തന്നിൽ ആഴമില്ല... എന്നു പറഞ്ഞാൽ താനാരാണെന്ന കാര്യം മറക്കുന്നു... താൻ എന്തിനാണെന്നും ലക്ഷ്യമെന്താണെന്നും മറക്കുന്നു; താൻ സ്വീകരിച്ചുവെന്നു പറയുന്ന വചനത്തിന്റെ പൊരുൾ എന്തെന്ന് അതിന്റെ ആഴത്തിലോ പ്രാധാന്യത്തിലോ ഓർമ്മയിൽ വയ്ക്കാനും കൊണ്ടുനടക്കാനും മറക്കുന്നു... വേരില്ലാത്ത അവസ്ഥ; വേരുപിടിക്കാനുള്ള മണ്ണ് (ആഴം) ഇല്ലാത്ത അവസ്ഥ... ഇവിടെ തന്നെത്തന്നെകുറിച്ച് ആഴമായ അവബോധം ഉണ്ടാകണമെന്ന കാര്യം പരോക്ഷമായി പറയുന്നു. ലൂക്കാ 14:24–35 പറയുന്ന രണ്ടുപമകളും ഇവിടെ പ്രസക്തമാണ് (ഗോപുരം പണിയാൻ നിശ്ചയിക്കുന്നവൻ അടങ്കൽതുക കാണണം; യുദ്ധത്തിനു

പോകുന്നവൻ തന്റെ ശക്തിയും ശത്രുവിന്റെ നിലപാടുകളും മനസ്സിലാക്കണം). അപ്രകാരമൊരു അവബോധം ഇല്ലാത്തവൻ ക്ലേശങ്ങളും പീഡകളും ഉണ്ടാകുമ്പോൾ പതറിപ്പോകും... വാടിക്കരിഞ്ഞുപോകും... വചനത്തെപ്രതി ക്ലേശവും പീഡയും എന്നപദം ആദിമസഭ അനുഭവിച്ച പീഡനങ്ങളും മതമർദ്ദനങ്ങളും മുന്നിൽ കൊണ്ടുവരുന്നു. രണ്ടു തരത്തിൽ ഇതിനെ വ്യാഖ്യാനിക്കാം. പ്രഥമത, വചനം പാലിക്കാൻ ആരംഭിക്കുമ്പോൾ പുറമേനിന്നും ഉണ്ടാകുന്ന ക്ലേശകരമായ അനുഭവങ്ങൾ (പീഡനങ്ങൾ, നഗ്നത, ഒറ്റപ്പെടുത്തൽ, തേജോവധം, ഭീഷണികളും മുറിപ്പെടുത്തലുകളും വിദ്വേഷങ്ങളും). രണ്ടാമതായി, തന്നിൽത്തന്നെ സംഭവിക്കുന്ന മാറ്റങ്ങൾ, അപഥ സഞ്ചാരപഥത്തിൽനിന്നും നല്ലവഴികളിലേക്കു തിരിയുമ്പോൾ സംഭവിക്കുന്ന നഷ്ടങ്ങൾ, ഉപേക്ഷിക്കലുകൾ, ത്യാഗം, ഒറ്റപ്പെടുത്തലുകളും ചെറുതാകലുകളും ഇവയെല്ലാം ഇവിടെ പ്രാധാന്യമർഹിക്കുന്നു. ഇവയുടെയൊക്കെ മുന്നിൽ വാടിക്കരിഞ്ഞ് അപ്രത്യക്ഷമാകാൻ സാദ്ധ്യതയേറെയാണ്.

മുള്ളുകൾക്കിടയിൽവീണ വിത്തുകളെക്കുറിച്ചുള്ള ആദിമസഭയുടെ വിശദീകരണം വചനകേന്ദ്രീകൃതമാണ്. ഇവിടെയും വചനം കേൾക്കാൻ താല്പര്യമില്ലാത്തവനല്ല വചനം കേൾക്കുന്നത്. എന്നിരുന്നാലും മറ്റുചില താല്പര്യങ്ങൾ അവനെ വചനം ഫലദായകമാക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നു. ലൗകിക വ്യഗ്രതകൾ, ധനത്തിന്റെ ആകർഷണം ഇവ രണ്ടുമാണ് വളർച്ചയിൽനിന്നും ഫലദായകത്വത്തിൽനിന്നും അവനെ അകറ്റുന്നത്. ആദിമ സഭയുടെ ഈ കാഴ്ചപ്പാട് ഇന്നും പ്രസക്തമാണ്. ദൈവവചനം ദൈവത്തിലേക്കുള്ള വഴിയാണെങ്കിൽ അത് ആത്മാവിന്റെ ശക്തിയെ പൂർണ്ണമാക്കുന്നതാണെങ്കിൽ അതിനെ മരവിപ്പിക്കുന്നത് ലൗകിക കാഴ്ചപ്പാടുകളും ധനാകർഷണവുമാണ്. വചനവഴികളെ ശ്വാസംമുട്ടിക്കുന്ന കപടവഴികൾ സൃഷ്ടിക്കപ്പെടുന്നതിനുള്ള പ്രധാന കാരണം എന്റെയുള്ളിൽ വളർന്നുകയറുന്ന വ്യഗ്രതകളും ആസക്തികളുമാണ്. ഇന്നും ഇത് വ്യക്തികളിലും പ്രസ്ഥാനങ്ങളിലും സഭാസംവിധാനങ്ങളിലും ശക്തമായ സ്വാധീനം ചെലുത്തുകയും യഥാർത്ഥ വളർച്ചയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. വചനം വളരണമെങ്കിൽ സർവ്വം ത്യാഗിയാകണം... നിസ്വാർത്ഥനാകണം. ആരെയും ഒന്നിനെയും അകാരണമായി ഹൃദയത്തിൽ കുടിപാർക്കാൻ അനുവദിക്കരുത്.

വചനംകേട്ട് ഗ്രഹിക്കുന്നവനാണ് നല്ല നിലത്തുവീണ വിത്ത്. കേട്ടു ഗ്രഹിക്കുകയെന്നത് ഒരു മാനസിക ഭാവത്തിൽ നിന്നും ഉരുത്തിരിയുന്നതാണ്. കേൾ ക്കുക മാത്രമല്ല അതിനെ ഗ്രഹിക്കുന്നു... അതിനെ സ്വന്തമാക്കുന്നു... അനുഭവവും ജീവിതവുമാക്കുന്നു... കേൾക്കുന്ന വചനം ഗ്രഹിക്കാൻ കഴിയണമെങ്കിൽ *ആവശ്യമായ ശ്രദ്ധവേണം* (കിളികൾ കൊത്താൻ പാകത്തിന് അശ്രദ്ധനാകരുത്. അശ്രദ്ധയും അലസതയും മുതലെടുക്കുന്നവരാണ് തിന്മയുടെ ശക്തികൾ). *ആവശ്യമായ ആഴം വേണം* (പ്രതികൂല്യങ്ങളെ അകറ്റിനിറുത്താനുള്ള ആർജ്ജവത്തം ഉണ്ടാകണം; മനസ്സിന് ആഴമുണ്ടെങ്കിലേ എന്തിനേയും നേരിടാനുള്ള കരുത്തുണ്ടാവുകയുള്ളൂ; ഏതവസ്ഥയിലും തകിടംമറിയാതെ സന്തുലിതാവസ്ഥ പാലിക്കാൻ കഴിയൂ). *മനസ്സ് ഏകാഗ്രമായിരിക്കണം*.... താൻ ആരെന്നും എന്തിനാണെന്നും അറിഞ്ഞ് ആ ലക്ഷ്യം ഈ ഭൂമിയിൽ സാധിതമാകുന്നതിന് അനുയോജ്യമായ ജീവിതശൈലി രൂപപ്പെടുത്തണം. അത് ഓരോരുത്തരുടെയും ജീവിത സാഹചര്യമനുസരിച്ചായിരിക്കും (നൂറുമേനി, അറുപതുമേനി, മുപ്പതുമേനി). ഇതിന് വചനമറിയാനുള്ള താത്പര്യമുണ്ടാകണം; ആവശ്യമായ സാഹചര്യമൊരുക്കണം, തിന്മയുടെ വഴിയിൽനിന്ന് ഒഴിവായി ജീവിക്കണം. എ